**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2932** — **12.10.2011-ൽ മറുപടിക്ക്**

## കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| എ) | കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാൻ വളരെയധികം കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ക്ഷാമബത്ത കുടിശ്ശിക 2009 നുശേഷം നൽകിയിട്ടില്ലെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | 01.07.2002-നും 30.06.2004-നുമിടയിൽ വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യം 5% വർദ്ധിപ്പിച്ചുകൊണ്ടുളള 19.11.2010-ലെ 602/2010-ാമത് നമ്പർ ഉത്തരവ് ഇവിടെ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | സി) | 01.07.2002നും 30.06.2004നും ഇടയിൽ വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യം 5% വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് (നമ്പർ ജി.ഒ.(പി) നം.602/2010/ഫിൻ തിയ്യതി 19.11.2010) സർവ്വകലാശാലകൾക്ക് ബാധകമല്ല. എന്നാൽ 12/08/2011-ലെ ജി.ഒ. (പി) നം.345/2011/ധന പ്രകാരം കേരള കാർഷിക സർവ്വകലാശാല ഉൾപ്പെടെയുള്ള സർവ്വകലാശാലകളിലെ ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | കാർഷിക സർവ്വകലാശാലയിൽ നിന്നും പെൻഷൻ പറ്റിപ്പിരിയുന്നവർക്ക് പെൻഷൻ ബുക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും പെൻഷൻ ബുക്ക് നൽകാൻ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കുമോ; | ഡി) | പെൻഷൻകാർക്ക് പെൻഷൻബുക്ക് നൽകുന്ന കാര്യം യൂണിവേഴ്സിറ്റിയുടെ പരിഗണനയിലുണ്ടെങ്കിലും ജീവനക്കാരുടെ അപര്യാപ്തത മൂലം കാലതാമസം നേരിട്ടിരിക്കുന്നു. സമഗ്ര പെൻഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറക്ക് പെൻഷൻ ബുക്കിന്റെ കാര്യം പരിഗണിക്കുന്നതാണ്. |
| ഇ) | ഇതരപെൻഷൻകാർക്കു നൽകുന്നതുപ്പോലെ ട്രഷറിയിൽ നിന്ന് പെൻഷൻ വിതരണം ചെയ്യാൻ കഴിയാത്തതെന്തുകൊണ്ട്; ട്രഷറി മുഖാന്തിരം പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ? | ഇ) | കേരള കാർഷിക സർവ്വകലാശാലയ്ക്ക് ശമ്പളം, പെൻഷൻ ഇത്യാദി ചെലവുകൾക്കായി Grant in aid പ്രത്യേകമായി നൽകി വരികയാണ് ഇപ്പോൾ ചെയ്തു വരുന്നത്. അതുകൊണ്ടാണ് ഇതര പെൻഷൻകാർക്ക് നൽകുന്നതുപോലെയുള്ള സമ്പ്രദായം പെൻഷൻ നൽകുന്ന കാര്യത്തിൽ സർവ്വകലാശാലയിൽ നിലവിലില്ലാത്തത്. ട്രഷറി മുഖാന്തിരം പെൻഷൻ നൽകാനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ